# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2317** — **8.03.2017-ൽ മറുപടിക്ക്**

## ഹൈമാസ്റ്റ് ലൈറ്റുകൾ ഉൾപ്പെടെയുള്ള തെരുവ് വിളക്കുകൾ

| | ചോദ്യം<br>ശ്രീ. ബി.സത്യൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഹൈമാസ്റ്റ് ലൈറ്റുകൾ ഉൾപ്പെടെ യുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോൾ ഈടാക്കാവുന്ന തുക, ചെയ്യേണ്ട പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ബോർഡ് വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ; ഇത് സുതാര്യമാക്കുമോ; | (എ) | തെരുവുവിളക്കുകൾക്ക് വൈദ്യുത കണക്ഷൻ നൽകുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള തുകയാണ് ഈടാക്കുന്നത്. |
| (ബി) | വക്കം-ചെറുന്നിയൂർ ഗ്രാമപഞ്ചായത്തു കളെ തമ്മിൽ ബന്ധിപ്പിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി യുടെ തുടർപ്രവർത്തനത്തിന് സഹായിക്കുന്നതിൽ വൈദ്യുതി ബോർഡിന്റെ തടസ്സവാദം എന്താണ്; | (ബി) & (സി) | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികളുടെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്കാണ്. പാലച്ചിറ പ്രദേശത്തെ 5 തെരുവ് വിളക്കുകൾ കേടായത് കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പ്പെടുകയും വിവരം പഞ്ചായത്ത് അധികൃതരെ അറിയിച്ചിട്ടുമുണ്ട്. സുരക്ഷാകാരണങ്ങളാൽ കെ. എസ് ഇ. ബി ഉദ്യോഗസ്ഥരുടെ മുൻകൂർ അനുവാദത്തോടു കൂടി മാത്രമേ അറ്റകുറ്റപ്പണി നടത്താവൂ എന്ന് നിഷ്കർഷിക്കാറുണ്ട്. തെരുവ് വിളക്കുകളുടെ തുടർപ്രവർത്തനത്തിനോ അറ്റകുറ്റപ്പണി നടത്തുന്നതിനോ വൈദ്യുതി ബോർഡിന്റെ ഭാഗത്തു നിന്ന് തടസ്സവാദങ്ങളോ ജാഗ്രതക്കുറവോ ഇല്ല. |
| (സി) | പാലച്ചിറയിലും പരിസര പ്രദേശ ങ്ങളിലും എം. എൽ. എ ഫണ്ടിൽ നിന്നും സ്ഥാപിച്ച തെരുവുവിളക്കുകൾ ബോർഡിന്റെ ജാഗ്രതക്കുറവ് കൊണ്ട് പരാജയമാണെന്ന് അഭിപ്രായ മുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ജാഗ്രതയും ഇടപെടലും ഉണ്ടാകുമോ? | | |

Hemalatha

സെക്ഷൻ ഓഫീസർ